പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4632

20.10.2011 ൽ
മറുപടിയ്ക്ക്

## ചിറക്കര, ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തുകളിൽ സപ്ലൈകോ മാവേലി സ്റ്റോറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ ; | | ശ്രീ. റ്റി.എം. ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര, ആദിച്ചനെല്ലൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പുതുതായി ഓരോ സപ്ലൈകോ മാവേലി സ്റ്റോറുകൾ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ; | എ) | ലഭിച്ചിരുന്നു. |
| ബി) | എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | ബി) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര പഞ്ചായത്തിൽ നെടുങ്ങോലത്ത് നിലവിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ചിറക്കര ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിനായുള്ള അപേക്ഷ, സാദ്ധ്യതാ പഠനത്തിനായി കൊല്ലം അസിസ്റ്റന്റ് മാനേജർക്ക് നൽകുകയും തുടർനടപടികൾ സ്വീകരിക്കുന്നതിനായി അസി.മാനേജർ ചിറക്കര ഗ്രാമപഞ്ചായത്ത് അധികാരികളുമായി ബന്ധപ്പെടുകയും ചെയ്തു. എന്നാൽ പഞ്ചായത്ത് അധികാരികളിൽ നിന്നും ഇതുവരെ മറുപടി ഒന്നും ലഭിച്ചിട്ടില്ല. ആദിച്ചനെല്ലൂർപഞ്ചായത്തിൽ ഒരു മാവേലി സ്റ്റോറും ഒരു സൂപ്പർ മാർക്കറ്റും ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുണ്ട്. മൂന്നാമതൊരു ഔട്ട്ലെറ്റിനായുള്ള അപേക്ഷയിൻമേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കാണ് ഇപ്പോൾ മുൻഗണന നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ